**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 159** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ഗുരുവായൂർ ക്ഷേത്ര വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഗുരുവായൂർ ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് വരെ ഭൂമി ഏറ്റെടുക്കരുതെന്നുള്ള ഭൂ ഉടമകളുടെയും കച്ചവടക്കാരുടെയും ആവശ്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** ഗുരുവായൂർ ക്ഷേത്രത്തിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ഗുരുവായൂർ ക്ഷേത്രത്തിന്റെ 100 മീറ്റർ ചുറ്റളവിൽ ഭൂമി ഏറ്റെടുക്കുന്നതിനായി, സ.ഉ (സാധാ) നം. 182/2024/റവ തീയതി 12.01.2024 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കുന്നതിന് ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ 26.09.2026ലെ 16-ാം നമ്പർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന് ഗുരുവായൂർ ദേവസ്വം ഭരണസമിതി അറിയിച്ചിട്ടുണ്ട്. വിശ്വവിഖ്യാതമായ ക്ഷേത്രത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും ഭൂമി ഏറ്റെടുക്കുമ്പോൾ ബാധിക്കുന്നവരുടെ ആശങ്ക പരിഹരിച്ചുകൊണ്ട് പ്രവർത്തനത്തിലേർപ്പെടാൻ നടപടി സ്വീകരിക്കുന്നുണ്ട്.

**(ബി)** പ്രസ്തുത ആവശ്യം നിലനിൽക്കെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**